ജനകീയാസൂത്രണ പദ്ധതി പ്രകാരം ഹാന്റ്ക്സ് ഗാർമെന്റ് ഫാക്ടറിക്ക് സ്വന്തം കെട്ടിടം

81 [1020] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹാന്റ്ക്സ് ഗാർമെന്റ് ഫാക്ടറിക്ക് വേണ്ടി എടുത്ത 40 സെന്റ് സ്ഥലം ഹാന്റ്ക്സിന് വിട്ടുകൊടുക്കാത്തതിനാൽ പ്രസ്തുത ഫാക്ടറി ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയാണെന്നും സ്വന്തം കെട്ടിടത്തിൽ ഫാക്ടറി പ്രവർത്തിക്കുന്നതിനും സൗകര്യമുണ്ടാക്കണമെന്നും ആവശ്യപ്പെട്ട് ഇവിടുത്തെ ജീവനക്കാരും ഹാന്റ്ക്സ് എം.ഡി.-യും നൽകിയ ഹർജി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(സി) ഈ ഗ്രാമപഞ്ചായത്ത് നേരത്തെ പ്രസ്തുത സ്ഥലം എറ്റെടുക്കാൻ ഹാന്റ്ക്സ് മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും, പിന്നീട് സ്ഥലം നൽകാനാവില്ലെന്നും, വാടകയ്ക്കോ ലീസിനോ മാത്രം വിട്ടുതരാമെന്നും രേഖാമൂലം ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പ്രത്യേക ആവശ്യത്തിനുവേണ്ടി എടുത്ത ഭൂമി പ്രസ്തുത പദ്ധതിക്കുവിട്ടുകൊടുക്കാതെ പിന്നീട് തീരുമാനം മാറ്റിയ പഞ്ചായത്തിന്റെ നടപടി ശരിയായ രീതിയിലാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) അല്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ ഭൂമി, പട്ടികവർഗ്ഗ വിഭാഗക്കാരും പിന്നോക്ക വിഭാഗക്കാരുമായ സ്ത്രീകൾ ജോലി ചെയ്യുന്ന ഹാന്റ്ക്സ് ഗാർമെന്റ് ഫാക്ടറിക്കുവേണ്ടി കൈമാറാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ജി) ഇത് സംബന്ധിച്ച നടപടികളും തീരുമാനങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹാന്റ്ക്സിന് സ്ഥലം ലീസിനോ വാടകയ്ക്കോ കൈമാറാൻ ഗ്രാമ പഞ്ചായത്ത് 28-2-2005-ൽ 77/05-ാം നമ്പരായി തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി & ഇ) പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ സ്ഥലം ഉടമസ്ഥാവകാശം കൈമാറാതെ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ലീസിന് കൊടുക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് തീരുമാനമനുസരിച്ച് ഹാന്റ്ക്സിന് പ്രസ്തുത സ്ഥലം ലീസിനോ വാടകയ്ക്കോ ഏറ്റെടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പഞ്ചായത്ത് 28-2-2005-ൽ എടുത്തിട്ടുള്ള തീരുമാനപ്രകാരം ഭൂമി വിട്ടുകൊടുക്കാൻ സ്വയം നടപടി സ്വീകരിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുന്നതാണ്.

(ജി) പഞ്ചായത്തിന്റെ 28-2-2005-ലെ 77/05-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത സ്ഥലം ലീസിനോ വാടകയ്ക്കോ ഹാന്റ്ക്സിന് കൈമാറാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും ഈ വിവരം ഹാന്റ്ക്സ് എം. ഡി.-യെ അറിയിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹാന്റ്ക്സും ഗ്രാമപഞ്ചായത്തും തമ്മിലുള്ള ഉഭയകക്ഷി ചർച്ചയിലൂടെ കൈമാറ്റ നടപടി പൂർത്തീകരിയ്ക്കാവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

82 [1021] ശ്രീ. ടി. കെ. ദേവകുമാർ :
" എ. കെ. ബാലൻ :
" പി. സി. ജോർജ് :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എന്തു തുക നൽകിയിട്ടുണ്ട് ;

(ബി) പദ്ധതി വിഹിതമായി 2005-06-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു ;

(സി) സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾ അവശേഷിക്കേ പദ്ധതി തുക നൽകാത്തതുമൂലം വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള ഓരോ വർഷവും എത്രതുക വീതം നൽകിയിട്ടുണ്ട് ;

(ഇ) പ്രസ്തുത ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര വീതമായിരുന്നു ?

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 964.65 കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

(ബി) 1375 കോടി രൂപ.

(സി) വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി തുക നൽകുന്നത് മുടക്കം വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly